"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - പത്തനംതിട്ട ജില്ലയിലെ പറക്കോട് ഐസിഡിഎസ് പ്രോജക്ടിലെ ഏനാദിമംഗലം ഗ്രാമ പഞ്ചായത്ത് അങ്കണവാടി സെന്റർ നമ്പർ 46-ന്റെ നിർമ്മാണപ്രവർത്തികൾക്ക് സാധൂകരണം നൽകി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.485/2025/WCDD തീയതി,തിരുവനന്തപുരം, 15-12-2025

---

പരാമർശം:-
1. വനിത ശിശു വികസന ഡയറക്ടറുടെ 24/12/2024 , 21/08/2025, 1/12/2025 തീയതികളിലെ DWCD/4844/2024-ICDS A8 നമ്പർ കത്ത്.
2. 26/06/2024 തീയതിയിൽ ചേർന്ന ആദ്യത്തെ വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ്
3. സ.ഉ.(സാധാ)നം. 128/2025/WCDD തീയതി 24/03/2025

**ഉത്തരവ്**

2022-23 സാമ്പത്തിക വർഷം പത്തനംതിട്ട ജില്ലയിലെ പറക്കോട് ഐസിഡിഎസ് പ്രോജക്ടിലെ ഏനാദിമംഗലം ഗ്രാമ പഞ്ചായത്തിലെ 46-ാം നമ്പർ അങ്കണവാടിയ്ക്ക് സ്മാർട്ട് അങ്കണവാടിയുടെ 5 സെന്റ് പ്ലാൻ പ്രകാരം വകുപ്പ് വിഹിതമായി ₹20 ലക്ഷം രൂപയും, LSGD വിഹിതമായി ₹12,31,328/- രൂപയും ചേർത്ത് ആകെ ₹32,31,328/- രൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പരിഗണിക്കുവാൻ സാധിച്ചിരുന്നില്ല . 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ 4235-02-102-87 പ്ലാൻ ശീർഷകത്തിൽ നിന്നും വകുപ്പ് വിഹിതം (60% വിഹിതം) വിനിയോഗിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമാകുകയും , ഇതിൽ 2024-25-ലെ പ്രൊപ്പോസലിന് 26.06.2024-ന് നടന്ന ആദ്യ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ വകുപ്പ് വിഹിതവും LSGD വിഹിതവും 50:50 അനുപാതത്തിൽ വിനിയോഗിച്ച് പ്രവർത്തി നടത്തുന്നതിന് അംഗീകാരം ലഭിച്ചെങ്കിലും, പ്ലാൻ കട്ട് വന്നതിനെത്തുടർന്ന് 26 അങ്കണവാടികൾക്കു മാത്രം പരാമർശം(3) പ്രകാരം ഭരണാനുമതി നൽകുകയും , എന്നാൽ പ്രസ്തുത ഉത്തരവിൽ ഏനാദിമംഗലം ഗ്രാമ പഞ്ചായത്തിലെ 46-ാം നമ്പർ അങ്കണവാടി ഉൾപ്പെട്ടിരുന്നില്ല.

(2) ഏനാദിമംഗലം ഗ്രാമ പഞ്ചായത്തിലെ 46-ാം നമ്പർ അങ്കണവാടിയ്ക്ക് വകുപ്പ് വിഹിതമായി ₹ 20 ലക്ഷം രൂപ , പഞ്ചായത്ത് വിഹിതമായി ₹ 2.5 ലക്ഷം രൂപ , ജില്ലാ പഞ്ചായത്ത് വിഹിതമായി ₹ 10 ലക്ഷം എന്നിങ്ങനെ വിനിയോഗിച്ച് ആകെ ₹32,31,328/- രൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം പ്രോജക്ട് വെയ്ക്കുകയും, നിർമ്മാണം പൂർത്തികരിക്കുകയും ചെയ്തിട്ടുള്ളതായും നിലവിൽ ബിൽ സമർപ്പിച്ചിട്ടുള്ളതായും വനിത ശിശു വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(3) അങ്കണവാടിയുടെ ശോചനീയാവസ്ഥ കണക്കിലെടുത്തും, കുട്ടികളുടെ സുരക്ഷ ഉറപ്പാക്കണമെന്ന സദുദ്ദേശത്തോടെയും, ജില്ലാ പഞ്ചായത്ത്/ഗ്രാമ പഞ്ചായത്ത് വിഹിതങ്ങൾ പ്രസ്തുത സാമ്പത്തിക വർഷത്തിൽ ചെലവഴിക്കേണ്ടതിനാലും ആണ് ഭരണാനുമതി ലഭിക്കുന്നതിനു മുമ്പ് പ്രസ്തുത പ്രവൃത്തി ആരംഭിച്ചതെന്നും , പറക്കോട് ഐസിഡിഎസ് പ്രോജക്റ്റിലെ ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ 46ാം നമ്പർ അങ്കണവാടിയ്ക്ക് വകുപ്പിൽ നിന്നും ഫണ്ട് ലഭ്യമാകുമെന്ന പ്രതീക്ഷയിൽ ഭരണാനുമതിയില്ലാതെ ₹32,31,328/- രൂപ വിനിയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തികരിച്ചിട്ടുള്ള സാഹചര്യത്തിൽ സ്പെഷ്യൽ കേസായി പരിഗണിച്ച് നിർമ്മാണ പ്രവർത്തികൾക്ക് സാധൂകരണം നൽകി വകുപ്പ് വിഹിതമായി ₹20,00,000/-രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) 4235-02-102-87(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്നും വനിത ശിശു വികസന ഡയറക്ടർ പരാമർശം(1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട് .

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ പറക്കോട് ഐസിഡിഎസ് പ്രോജക്റ്റിലെ ഏനാദിമംഗലം ഗ്രാമ പഞ്ചായത്തിലെ 46-ാം നമ്പർ അങ്കണവാടിയ്ക്ക് വകുപ്പിൽ നിന്നും ഫണ്ട് ലഭ്യമാകുമെന്ന പ്രതീക്ഷയിൽ ഭരണാനുമതിയില്ലാതെ ₹32,31,328 /- രൂപ വിനിയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തികരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണ പ്രവർത്തിക്ക് സാധൂകരണം നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [WCD-1/33/2025-Fin (e306021) dt 29-10-2025]
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 15-12-2025 16:01:54